# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 279

29-01-2014 ൽ മറുപടിയ്ക്ക്

## തരിശ് നിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തരിശ് നിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | 2013-14 ലെ തരിശു നെൽകൃഷി വികസനം, പച്ചക്കറി വികസന പദ്ധതി, തരിശു രഹിത ഗ്രാമം പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിതരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | തരിശുഭൂമി കൃഷിയോഗ്യമാക്കുക, ഉല്പാദനം വർദ്ധിപ്പിക്കുക, മണ്ണും ജലവും സംരക്ഷിക്കുക, പ്രകൃതി സന്തുലിതാവസ്ഥ നിലനിർത്തുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ. |
| (സി) | ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) | തരിശു ഭൂമി കൃഷി ചെയ്യുന്നതിനായി പഞ്ചായത്തു തലത്തിൽ താല്പര്യമുള്ള കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ, ജനശ്രീ എന്നിവ മുഖാന്തിരം പദ്ധതി നടപ്പിലാക്കുന്നു. പഞ്ചായത്തുതല കാർഷിക വികസന സമിതി, ഗ്രൂപ്പ് ഫാമിംഗ് സമിതി, തൊഴിൽസേന, ഭൂമിയുടെ ഉടമസ്ഥർ എന്നിവരെ സംഘടിപ്പിച്ച് കൃഷി ഭവന്റേയും പഞ്ചായത്തിന്റേയും നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | 2013-14 വർഷം 2641.38 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിനായി 641.6075 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. കൃഷിഭവൻ മുഖാന്തിരം വിത്ത്, വളം, മറ്റ് ഉല്പാദനോപാധികൾ എന്നിവ കർഷകർക്ക് നൽകി കൃഷി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നു.<br>പച്ചക്കറി വികസന പദ്ധതി പ്രകാരം 1316 ഹെക്ടർ തരിശു നിലത്ത് പച്ചക്കറി കൃഷി ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതുവരെ 327 ഹെക്ടർ സ്ഥലത്ത് കൃഷി തുടങ്ങിക്കഴിഞ്ഞു.<br>തരിശു രഹിത ഗ്രാമം പദ്ധതി പ്രകാരം 670 ഹെക്ടറിൽ വാഴയും 264 ഹെക്ടറിൽ കിഴങ്ങുവർഗ്ഗ വിളകളും കൃഷി ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതുവരെ 325 ഹെക്ടർ സ്ഥലത്ത് വാഴ കൃഷിയും 138 ഹെക്ടർ സ്ഥലത്ത് കിഴങ്ങു വർഗ്ഗങ്ങളുടെ കൃഷിയും തുടങ്ങിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ